2006-07-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ അടങ്കൽ

6 [779] ഡോ: തോമസ് ഐസക് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07-ലെ സംസ്ഥാനത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) പ്രസ്തുത വർഷം വാർഷിക പദ്ധതിയുടെ അടങ്കൽ എത്ര വേണമെന്നാണ് ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ടത് ;

(സി) 2006-07 വാർഷിക പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2005-06 വാർഷിക പദ്ധതികളുടെ അടങ്കൽ എത്രയായിരുന്നു ; ഇതിൽ എന്ത് തുകയുടെ വെട്ടിക്കുറവാണ് വരുത്തിയത് ; ഓരോ മേഖലയിലും ചെലവഴിച്ച തുക എത്ര വീതമെന്നും വകയിരുത്തിയ തുക എത്രയെന്നും പറയാമോ ;

(ഇ) 2003-04, 2004-05 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് അടങ്കൽ എത്രയായിരുന്നു ; പ്രസ്തുത വർഷങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തിന്റെ 2006-07-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ 6210 കോടി രൂപയായി നിശ്ചയിച്ചിക്കണമെന്ന് ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെടുകയും അത് ആസൂത്രണ കമ്മീഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവ പൂർണ്ണമായും ഉപയുക്തമാക്കുന്നതിനോടൊപ്പം നിർണ്ണായകമായ വിടവുകൾ നികത്തൽ, സേവനപ്രദാനം, ഭരണനിർവ്വഹണം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ എന്നിവയ്ക്കാണ് 2006-07-ലെ വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിരിക്കുന്നത്.

(ഡി) 2005-06-ലെ വാർഷിക പദ്ധതികളുടെ അടങ്കൽ 5369.81 കോടി രൂപയാണ്. ഇതിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. ഓരോ മേഖലയിലും നീക്കിവെച്ച തുകയും 2005 ഡിസംബർ 31 വരെ ചെലവഴിച്ച തുകയും ഇതോടൊപ്പം വച്ചിട്ടുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2003-04, 2004-05 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് അടങ്കൽ, പുതുക്കി നിശ്ചയിച്ച തുക ഇവ താഴെ കൊടുത്തിരിക്കുന്നു:

(രൂപ കോടിയിൽ)

വർഷം	ബഡ്ജറ്റ് വിഹിതം	പുതുക്കിയ വിഹിതം
2003-04	4430.25	3795.98
2004-05	4800.00	3813.14
	*ഒറ്റത്തവണ സഹായം (One time Assistance)	(+) 98.76*
	**നാഷണൽ ഇ-ഗവേണൻസിനുവേണ്ടി കേന്ദ്ര സഹായം (ACA for National E-Governance)	(+) 1.67**

ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം

7 [781] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആസൂത്രണ സമിതികളുടെ ഘടനയിൽ സമീപ കാലത്ത് മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആസൂത്രണ സമിതികൾ ജില്ലകളുമായി ബന്ധപ്പെട്ട പൊതു ആസൂത്രണം നിർവ്വഹിക്കുന്നതിന് യാതൊരു പങ്കും നിർവ്വഹിക്കാനാവാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ ഉദ്ദശിക്കുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നപ്പോൾ പുതുതായി അംഗങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) സർക്കാർ തലത്തിൽ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്.

(സി & ഡി) ജില്ലാ തലത്തിലുള്ള കരട് പ്ലാൻ രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly